(സി) എങ്കിൽ ഈ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ)-(സി) ആറന്മുളയിൽ കെ.എസ്.എഫ്.ഇ. യുടെ ഒരു പുതിയ ശാഖ തുറക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

43 (1084) ക്ഷേമനിധി ബോർഡുകളുടെ ആഡിറ്റ്

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് എത്ര ക്ഷേമനിധി ബോർഡുകളുടെ ഓഡിറ്റ് കൈകാര്യം ചെയ്യുന്നുണ്ട്; ഏതെല്ലാം;

(ബി) നിക്ഷിപ്തമായ ഏതെങ്കിലും ക്ഷേമനിധി ബോർഡിന്റെ ആഡിറ്റ്, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഏറ്റെടുക്കാതെ വന്നിട്ടുണ്ടോ;

(സി) എങ്കിൽ ഇവയുടെ ഓഡിറ്റ് ഏറ്റെടുക്കാൻ നടപടി കൈക്കൊള്ളുമോ;

(ഡി) ക്ഷേമനിധികൾ ഓഡിറ്റ് ചെയ്യുന്നതിന് എത്ര ജീവനക്കാരുടെ തസ്തികകൾ അനുവദിച്ചിട്ടുണ്ട്;

(ഇ) ഇതിന് എത്ര രൂപ പ്രതിവർഷം ചെലവുവരും;

(എഫ്)ഓഡിറ്റ് ഫീസ് ഇനത്തിൽ ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള വരുമാനത്തേക്കാൾ കൂടുതലാണോ ആഡിറ്റിനുവേണ്ടിയുണ്ടാകുന്ന ചെലവ് എന്നു വിശദീകരിക്കുമോ?

ഉത്തരം

(എ) 16 ക്ഷേമനിധി ബോർഡുകളുടെ ഓഡിറ്റ് കൈകാര്യം ചെയ്യുന്നുണ്ട്.

1. കേരളാ ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റി.
2. കേരളാ പോലീസ് വെൽഫെയർ ആന്റ് അമിനിറ്റി ഫണ്ട്.
3. കേരള സ്റ്റേറ്റ് മിലിട്ടറി ബെനവലന്റ് ഫണ്ട്, ഡിസ്ട്രിക്ട് ബെനവലന്റ് ഫണ്ട് ആന്റ് ഫ്ളാഗ് ഡേ ഫണ്ട് ഓഫ് രാജ്യസൈനിക ബോർഡ്.
4. കേരള പഞ്ചായത്ത് അസോസിയേഷൻ ഫണ്ട്.
5. കേരള ഹെഡ്ലോഡ് വർക്കേഴ്സ് വെൽഫെയർ ഫണ്ട്.
6. കേരളാ ഖാദി വർക്കേഴ്സ് വെൽഫെയർഫണ്ട്.
7. കേരളാ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫെയർ ഫണ്ട്.
8. കേരളാ കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട്.
9. കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട്.
10. കേരള അബ്കാരി വർക്കേഴ്സ് വെൽഫെയർ ഫണ്ട്.
11. റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട്.
12. ലേബർ വെൽഫെയർ ഫണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

13. ഹാന്റ്ലൂം വർക്കേഴ്സ് വെൽഫെയർ ഫണ്ട്.

14. അഗ്രികൾച്ചറൽ വർക്കേഴ്സ് വെൽഫെയർ ഫണ്ട്.

15. കേരളാ ടെയിലറിംഗ് വർക്കേഴ്സ് വെൽഫെയർ ഫണ്ട്.

16. കേരളാ കാഷ്യൂ വർക്കേഴ്സ് റിലീഫ് ആന്റ് വെൽഫെയർ ഫണ്ട്.

(ബി) ഉണ്ട്.

(സി) വാർഷിക കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റ് നടത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ക്ഷേമനിധി ബോർഡുകളുടെ ഓഡിറ്റിനായി രണ്ട് ഓഡിറ്റ് ഓഫീസർമാരുടെയും, നാല് ഓഡിറ്റർമാരുടെയും ഒരു ടൈപ്പിസ്റ്റിന്റെയും ഒരു പ്യൂണിന്റെയും തസ്തികകൾ അധികമായി അനുവദിച്ചിട്ടുണ്ട്.

(ഇ) ശമ്പളയിനത്തിൽ പ്രതിവർഷം ചെലവാകുന്ന തുക ചുവടെ ചേർക്കുന്നു.

ഓഡിറ്റ് ഓഫീസർമാർക്ക്	-	2,04,240/-
ഓഡിറ്റർമാർക്ക്	-	2,48,640/-
ടൈപ്പിസ്റ്റ്മാർക്ക്	-	62,160/-
പ്യൂൺമാർക്ക്	-	40,488/-
ആകെ	-	5,55,528/-

(എഫ്) ഓഡിറ്റ് ഫീസിനത്തിൽ ലഭിക്കുന്ന വരുമാനത്തേക്കാൾ കൂടുതലായിരിക്കില്ല ഓഡിറ്റിനുള്ള ചെലവ്.

ക്ഷേമനിധി ബോർഡുകൾക്ക് പ്രതിവർഷം കോടിക്കണക്കിന് രൂപയുടെ വരുമാനമുണ്ട്. വരുമാനത്തിന്റെ 1 % നിരക്കിലുള്ള ഓഡിറ്റ് ഫീ ലഭിക്കുമ്പോൾ പ്രസ്തുത വരുമാനം ഓഡിറ്റിനുള്ള ചെലവിനേക്കാൾ കൂടുതലായിരിക്കണം.

44 (1085) ത്രിതല പഞ്ചായത്തിലെ ആഡിറ്റിംഗ്

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് ഓരോ വർഷവും എത്ര രൂപ വീതം നൽകിയിട്ടുണ്ട്;

(ബി) ഇതിൽ എത്ര രൂപവീതം ചെലവഴിച്ചു എന്നും എത്ര രൂപ വീതം ചെലവഴിക്കാൻ വേണ്ടി മാറ്റി വച്ചിട്ടുണ്ട് എന്നും എത്ര രൂപ വീതം ലാപ്സായിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) ത്രിതല പഞ്ചായത്തുകളുടെ ആഡിറ്റിംഗ് ഫലപ്രദമായി നടത്തുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്;

(ഡി) ഇതിനാവശ്യമായ ആഡിറ്റിംഗ് സ്റ്റാഫിനെ ഇപ്പോൾ നൽകിയിട്ടുണ്ട്;

(ഇ) ഇല്ലെങ്കിൽ ആവശ്യമായ സ്റ്റാഫിനെ നൽകുവാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly